പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 142 30/09/2011-ൽ മറുപടിക്ക്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>,, ബെന്നി ബെഹനാൻ<br>'' ഹൈബി ഈഡൻ<br>'' ഐ.സി. ബാലകൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിക്കുന്നതിനു കേന്ദ്ര സർക്കാർ തലത്തിൽ നടപടികൾ ആരംഭിച്ചതായി വാർത്തകൾ വന്നിരുന്നു എന്നാൽ ഇത് സംബന്ധിച്ച വിശദാംശം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. എന്നാൽ കേരള സർക്കാർ ഈ പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) വിദഗ്ദ്ധ ചികിത്സക്കുള്ള പരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) നിലവിൽ ചിസ് പ്ലസ് പദ്ധതി പ്രകാരം പരമാവധി 70,000/- രൂപ വരെ ആനുകൂല്യം നൽകുന്നുണ്ട്. ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) പരിഷ്ക്കരിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം എത്ര ലക്ഷം കുടുംബങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ;<br><br>(ഡി) സ്വകാര്യ സഹകരണ മേഖലകളിലെ മെഡിക്കൽ കോളേജുകളെ പദ്ധതിയിൽ പങ്കാളികളാക്കാൻ ശ്രമിക്കുമോ ; | (സി & ഡി) പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ. ആയത് സംബന്ധിച്ച വിശദാംശങ്ങളിൽ തീരുമാനമായാൽ മാത്രമേ ഇക്കാര്യങ്ങളിൽ വ്യക്തത ഉണ്ടാകുകയുള്ളു. |
| (ഇ) ഇതിന് കേന്ദ്ര സഹായം ലഭിക്കുമോ ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഇ) പദ്ധതി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ